ഉത്തരം

(എ) ഉണ്ടായിരുന്നു.

(ബി) ഉണ്ട്.

(സി)-(ജി) വിവരം ശേഖരിച്ചു വരുന്നു.

ബാലറ്റു പേപ്പർ ഉയർത്തിക്കാട്ടിയ സംഭവം

86(1569) ശ്രീ. കെ. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ കണ്ണൂർ ലോകസഭാ മണ്ഡലത്തിൽ അഴിക്കോട് നിയമസഭാ മണ്ഡലത്തിൽപ്പെട്ട കല്യാശ്ശേരി മോഡൽ പോളിടെക്നിക്കിലെ അറുപത്തിയേഴാം നമ്പർ ബൂത്തിൽ വോട്ട് ചെയ്ത മുഖ്യമന്ത്രി ബാലറ്റ് പേപ്പർ ഉയർത്തിപ്പിടിക്കുന്ന പടം പ്രസിദ്ധീകരിച്ച മലയാളമനോരമ പത്രത്തിനെതിരെ മുഖ്യമന്ത്രി പ്രസ് കൗൺസിലിന് പരാതി നൽകിയിരുന്നുവോ?

(ബി) എങ്കിൽ പ്രസ്തുത പരാതിയിൻമേൽ എന്തെല്ലാം കാര്യങ്ങളാണ് ഉന്നയിച്ചിരുന്നത്;

(സി) ഈ പരാതിയിൻമേൽ പ്രസ് കൗൺസിലിന്റെ തീരുമാനം എന്തായിരുന്നു;

(ഡി) ഈ തീരുമാനങ്ങളിൽ എത്തിച്ചേരുവാൻ പ്രസ് കൗൺസിൽ നിരത്തിയ ന്യായങ്ങൾ എന്തെല്ലാമായിരുന്നു;

(ഇ) ബാലറ്റ് പ്രദർശനം സംബന്ധിച്ച വിവാദത്തിനിടെ മുഖ്യമന്ത്രി നിലപാടുമാറ്റിയതിനെ സംബന്ധിച്ച് പ്രസ് കൗൺസിൽ തീരുമാനത്തിലെ പരാമർശം എന്തായിരുന്നു;

(എഫ്)മുഖ്യമന്ത്രിക്കുവേണ്ടി ഈ കേസ് പ്രസ് കൗൺസിൽ മുൻപാകെ വാദിച്ചവർ ആരെല്ലാമാണ്;

(ജി) അവർക്ക് ഫീസിനത്തിലും മറ്റിനങ്ങളിലുമായി എന്തു തുക ഗവൺമെന്റിന് ചെലവായി എന്നറിയിക്കുമോ?

ഉത്തരം

(എ)-(ജി) മുഖ്യമന്ത്രി ഇ.കെ. നായനാർ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്തത് സംബന്ധിച്ച് മലയാള മനോരമ പത്രത്തിൽ തെറ്റായ ചില വാർത്തകൾ വന്നിരുന്നു. ഇതിനെതിരായി വ്യക്തിപരമായി ഇ.കെ. നായനാർ പ്രസ് കൗൺസിലിന് പരാതി കൊടുത്തിരുന്നു. ഇക്കാര്യത്തിൽ സർക്കാരിന് ചെലവുകൾ ഒന്നും ഉണ്ടായിട്ടില്ല.

വ്യാപാര സ്ഥാപനങ്ങൾക്ക് നഷ്ടപരിഹാരം

87 (1570)ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പാനൂരിലെ അക്രമ സംഭവവുമായി ബന്ധപ്പെട്ട് വ്യാപാര സ്ഥാപനങ്ങൾക്ക് നേരെ നടന്ന ആക്രമണത്തിൽ ഏതെല്ലാം സ്ഥാപനങ്ങൾക്ക് എത്ര രൂപ വീതമാണ് നഷ്ടപരിഹാരം അനുവദിച്ചത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സംഖ്യ വിതരണം ചെയ്യാനുള്ള നടപടി ക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(സി) ഈ സംഭവത്തോടനുബന്ധിച്ച് ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുടെയോ ട്രെയിഡ് യൂണിയൻ സംഘടനയുടേയോ ഓഫീസുകൾക്ക് നഷ്ട പരിഹാരം നൽകിയിട്ടുണ്ടോ? എങ്കിൽ എത്ര രൂപ വീതം;

(ഡി) സമാന സ്വഭാവമുള്ള ആക്രമണം നടന്ന തളിപ്പറമ്പിലെ രാഷ്ട്രീയ സംഘട്ടനത്തിൽ നഷ്ടം സംഭവിച്ച വ്യാപാരികൾക്കും വ്യക്തികൾക്കും നഷ്ടപരിഹാരം നൽകാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ)-(ഡി) പാനൂരിലും പരിസര പ്രദേശങ്ങളിലും ഉണ്ടായ അനിഷ്ട സംഭവങ്ങളിൽ വീടുകളും കടകളും മറ്റു സ്വത്തുക്കളും നഷ്ടപ്പെട്ടവർക്ക് ധന സഹായം നൽകണമെന്ന് സർവ്വകക്ഷി സമാധാന യോഗം അഭ്യർത്ഥിച്ചിരുന്നു. അതനുസരിച്ച് കഷ്ട നഷ്ടങ്ങളുണ്ടായവർക്ക് ധനസഹായം നൽകുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ജില്ലാ കളക്ടർ സമർപ്പിക്കുന്ന റിപ്പോർട്ട് അനുസരിച്ചാണ് സഹായം അനുവദിക്കുക. എന്നാൽ ഇൻഷ്വറൻസ് കമ്പനിയിൽ നിന്നും മറ്റും ലഭിച്ച തുക സഹായധനത്തിനുള്ള നിർദ്ദേശത്തിൽനിന്നും കുറവുചെയ്യാൻ തീരുമാനിച്ചതനുസരിച്ച് പരിശോധന നടത്തിവരികയാണ്. ഇപ്പോൾ ആർക്കും തുക നൽകിയിട്ടില്ല.

തൃശ്ശൂർ പട്ടണത്തിൽ ട്രാഫിക് പരിഷ്കാരങ്ങൾ

88(1571) ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ പട്ടണത്തിൽ ട്രാഫിക് രംഗത്ത് എന്തൊക്കെ പരിഷ്ക്കാരങ്ങളാണ് ഇപ്പോൾ നടപ്പിലാക്കുന്നത്;

(ബി) തൃശ്ശൂർ ട്രാഫിക് സംവിധാനം മെച്ചപ്പെടുത്തുവാൻ ട്രാഫിക് അഡ്വൈസറി കമ്മിറ്റി എന്തൊക്കെ നിർദ്ദേശങ്ങളാണ് മുന്നോട്ട് വച്ചിട്ടുള്ളത്;

(സി) സ്വകാര്യ വാഹനങ്ങൾക്ക് പാർക്കിംഗ് ഫീസ് ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) തൃശ്ശൂർ പട്ടണത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ട്രാഫിക് ചുമതല നിർവ്വഹിക്കുവാനും കാര്യക്ഷമമാക്കുവാനും വേണ്ടി ഒരു യൂണിറ്റ് സി.ഐ.യുടെ നേതൃത്വത്തിൽ രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ സ്വരാജ് റൗണ്ടിൽ സബ്വേ നിർമ്മാണം ധൃതഗതിയിൽ നടന്നു വരുന്നുണ്ട്. റിംഗ്റോഡ് ഗതാഗതത്തിനായി തുറന്നുകൊടുത്തിട്ടുണ്ട്. പാലക്കാട് ഭാഗത്തുനിന്നും വരുന്ന ബസുകൾ മുനിസിപ്പൽ സ്റ്റാന്റു വഴി തെക്കേ സ്റ്റാന്റിലേയ്ക്കും മാന്നാമംഗലം ഭാഗത്തുനിന്നും വരുന്ന ബസുകൾ അരമന വഴി വടക്കേ സ്റ്റാന്റിലേയ്ക്കും തിരിച്ചുവിട്ട് സബ്വേ നിർമ്മാണത്തിന് തടസ്സം ഉണ്ടാകാത്ത രീതിയിൽ ട്രാഫിക് സംവിധാനത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly